# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5879** **28/03/2018-ൽ മറുപടിക്ക്**

**ഹോമിയോ ഫാർമസിസ്റ്റുകളുടെ തസ്തിക**

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി ഹോമിയോ ഫാർമസിസ്റ്റുകളുടെ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | ഹോമിയോപ്പതി വകുപ്പിൽ 129 ഉം നാഷണൽ ഹെൽത്ത് മിഷനിൽ 66 ഉം ഫാർമസിസ്റ്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. |
| (ബി) | എൻ.ആർ.എച്ച്.എം-ന് കീഴിൽ സംസ്ഥാനത്ത് ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിൽ വിരമിച്ചവരേയും നിശ്ചിത യോഗ്യതയില്ലാത്തവരേയും നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ് എൻ.ആർ.എച്ച്.എം. ഫാർമസിസ്റ്റ് നിയമനം നടത്തി വരുന്നത്.<br>മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിച്ച കാലത്ത് വിരമിച്ചയാളെ ഫാർമസിസ്റ്റ് തസ്തികയിൽ നിയമിച്ചിരുന്നു. പിന്നീട് യോഗ്യതയുള്ളയാളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്തിൽ പത്ര പരസ്യം നൽകിയിട്ടും നിശ്ചിതയോഗ്യതയുള്ളവരൊന്നും ഇന്റർവ്യൂവിന് ഹാജരാകാതിരുന്നതിനാൽ ഫാർമസിസ്റ്റ് തസ്തികയിൽ നിശ്ചിതയോഗ്യതയില്ലാത്ത ആളെ നിയമിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഹോമിയോ ഫാർമസിസ്റ്റുകൾക്ക് വേണ്ട പി.എസ്.സി. അംഗീകരിച്ച യോഗ്യതയെന്താണെന്നും, നിലവിൽ ഓരോ ജില്ലയിലും എൻ.ആർ.എച്ച്.എം-ലും മറ്റുമായി നിയമനം നൽകിയവരുടെ യോഗ്യത എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (സി) | എസ്.എസ്.എൽ.സി.യും നേഴ്സ് കം ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) / സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസിയും ആണ് ഹോമിയോ ഫാർമസിസ്റ്റുകൾക്ക് വേണ്ടി പി.എസ്.സി അംഗീകരിച്ച യോഗ്യത.<br>ഫാർമസിയിൽ ഡിപ്ലോമയോ തത്തുല്യയോഗ്യതയോ ആണ് എൻ.ആർ.എച്ച്.എം. ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് അടിസ്ഥാനയോഗ്യതയായി ഗ്രാമ പഞ്ചായത്തുകൾ പരിഗണിക്കുന്നത്. |
| (ഡി) | നിലവിൽ സംസ്ഥാനത്ത് സിസിപി, എൻ.സി.പി കോഴ്സ് പാസായ നിരവധി ഉദ്യോഗാർത്ഥികൾ ജോലി ലഭിക്കാതെ പുറത്ത് നിൽക്കുന്ന സാഹചര്യത്തിൽ യോഗ്യതയില്ലാത്തവരെയും, വിരമിച്ചവരെയും എൻ.ആർ.എച്ച്.എം.-ലും മറ്റും നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | ആവശ്യമായ പരസ്യം നൽകി ഇന്റർവ്യൂ നടത്തിയിട്ടും നിശ്ചിത യോഗ്യതയുള്ളവർ ഹാജരാകാത്ത സാഹചര്യത്തിൽ ചുരുക്കം ചില ഗ്രാമ പഞ്ചായത്തുകളിൽ മതിയായ യോഗ്യതയില്ലാവരെയും വിരമിച്ചവരെയും നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | നിലവിലുള്ള ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഹോമിയോപ്പതി വകുപ്പിലെ ഹോമിയോ ഫാർമസിസ്റ്റുകളുടെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.